FOURTH SESSION 1951

Wednesday, *the 26th September 1951*

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SECTION—1951

Wensday, *the 26th September 1951*

Vol. IV **OFFICIAL REPORT** **No. 8**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Wednesday, the 26th September 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the serial number in the list of admitted questions for the day)

ORAL ANSWERS

മതപരിവർത്തനം

*൧൧൧ (൧) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഹിന്ദുമതത്തിൽനിന്നും മററു മതങ്ങളിലേയ്ക്കു മതപരിവർത്തനം ചെയ്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സൌജന്യം മതപരിവർത്തനത്തിനുശേഷവും തുടർന്നുകിട്ടുന്നതാണോ?

(ബി) മററു മതങ്ങളിൽ നിന്നും ഹിന്ദുമതത്തിലേയ്ക്കു് മത പരിവർത്തനം ചെയ്യപ്പെടുന്ന വിദ്യാർത്ഥികൾക്ക കിട്ടിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സൌജന്യം മതപരിവർത്തനത്തിനുശേഷം തുടർന്നു കിട്ടുന്നതാണോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഹിന്ദുമത പിന്നോക്കസമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്ക മതപരിവർത്തനം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൌജന്യം കിട്ടുന്നതാണ്.

(ബി) മററുമതങ്ങളിൽനിന്നും ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ഫീസ്സൌജന്യം മാത്രം കിട്ടുന്നതാണ്.

ശ്രീ. പി. നാണു: അപ്പോൾ ഹിന്ദുമതത്തിൽനിന്നും ക്രിസ്തുമതത്തിലേക്കും ക്രിസ്തുമതത്തിൽനിന്നും ഹിന്ദുമതത്തിലേക്കും മതപരിവർത്തനം ചെയ്യുന്നവർക്ക് യാതൊരു വ്യത്യാസവും ഇല്ലെന്നാണോ പറയുന്നതു്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ). യാതൊരു വ്യത്യാസവുമില്ല. ഈ കാര്യം മുമ്പുതന്നെ പറഞ്ഞിട്ടുള്ളതാണ്.

Sahib Bahadur A. Abdul Razaak: Does not the policy work against the theory of the secular state?

(No answer)

ശ്രീ. പി. നാണു: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു മനസ്സിലായില്ല.

ശ്രീ. സി. കേശവൻ: ക്രിസ്തുമതത്തിൽനിന്നും അധഃകൃതവർഗ്ഗത്തിൽപെട്ട ആളുകൾ ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം ചെയ്യപ്പെടുമ്പോൾ അവർക്ക്

എല്ലാക്ലാസ്സുകളിലും ഫീസ്സൌജന്യം അനുവദിക്കുന്നതാണ്. ഇടക്കാലത്തു ബാക്ക്വേഡ്കമ്മ്യൂണിറ്റീസ് അഡൈ്വസറി ബോർഡ് ക്രിസ്തുമതത്തിൽനിന്നും ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം ചെയ്യപ്പെടുന്ന ആളുകൾക്ക് മതപരിവർത്തനം ചെയ്തുകഴിഞ്ഞു് മൂന്നുകൊല്ലക്കാലത്തേക്ക് സൌജന്യങ്ങളൊന്നും അനുവദിക്കാൻ പാടില്ല എന്നൊരു നിശ്ചയം പാസാക്കി. ബഹുമാനപ്പെട്ട മെമ്പർ അതിനെ ഉദ്ദേശിച്ചുകൊണ്ടു് ഈ ചോദ്യം ചോദിച്ചതാണെന്ന് വിചാരിച്ചുകൊണ്ടു പറയുകയാണ്. അങ്ങിനെ വരുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സൌജന്യങ്ങൾ മൂന്നുകൊല്ലക്കാലത്തേക്ക് നിറുത്തിവെക്കുവാനുള്ള ആ നിശ്ചയം ഗവൺമെൻറ് അംഗീകരിച്ചിട്ടില്ല. മുമ്പ് നടന്നപോലെ ഇപ്പോഴും നടന്നുകൊണ്ടിരിക്കയാണ്.

<u>ശ്രീ. പി. നാണു</u>: ക്രിസ്തുമതത്തിൽ ഇരിക്കുമ്പോൾ കിട്ടാതിരുന്ന ആനുകൂല്യങ്ങൾ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുമ്പോൾ കൊടുക്കാറുണ്ടോ?

<u>ശ്രീ. എൽ. എം. പൈലി</u>: അതിനെപ്പററിയുള്ള വിവരങ്ങൾ ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

<u>ശ്രീ. കെ. എ. മാത്യു</u>: മതമാണോ, സാമ്പത്തികവും സാമൂഹ്യവുമായ അവശതയാണോ വിദ്യാഭ്യാസ സൌജന്യങ്ങൾ നൽകുന്നതിനുള്ള അടിസ്ഥാനം?

<u>ശ്രീ. എൽ. എം. പൈലി</u>: മതമല്ല. സാമ്പത്തികവും സാമൂഹ്യവുമായ അവശതയാണ്. ക്രിസ്തുമതത്തിൽ പോയി കുറച്ചുകഴിഞ്ഞു തിരികെ ഹിന്ദുമതത്തിൽ വന്നാൽ പഴയപോലെ വിദ്യാഭ്യാസ സൌജന്യങ്ങൾ വാങ്ങാം എന്നുകരുതി വരുന്നവർക്കാണ് മിക്കവാറും ഈ സൌജന്യങ്ങൾ അനുവദിക്കുന്നതു്.

Sahib Bahadur A. Abdul Razaak : I repeat my question; whether this policy of preferential treatment is in conformity with the doctrine of the secular State.

Mr. Speaker : That is a matter of opinion.

<u>സാഹിബ് ബഹദൂർ വി. എ. അബ്ദുൾഅസീസ്</u>: ഒരാൾ ഏതെങ്കിലും മതത്തിൽനിന്നു മറെറാരുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടാൽ മുമ്പു കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾക്ക് വ്യത്യാസം ഉണ്ടാകാറുണ്ടോ?

<u>ശ്രീ. എൽ. എം. പൈലി</u>: ഷെഡ്യൂൾഡ് കാസ്ററ്കളെ സംബന്ധിച്ചിടത്തോളം വ്യത്യാസങ്ങളുണ്ടാകാം.

<u>സ്റ്റൈപ്പെൻറ്</u>

*൨൨൩ (൨) <u>ശ്രീ. പി. നാണു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കൊച്ചി വിഭാഗത്തെ ട്രെയിനിംഗ് വിദ്യാർത്ഥികൾക്കു ഗവൺമെണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള സ്റ്റൈപ്പൻറ് സംഖ്യ എത്രയാണ്?

(ബി) തിരുവിതാംകൂർ വിഭാഗത്തുള്ള ട്രെയിനിംഗ് വിദ്യാർത്ഥികൾക്കനുവദിച്ചിട്ടുള്ള സ്റ്റൈപ്പൻറ് സംഖ്യ എത്രയാണ്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (<u>ശ്രീ. എൽ. എം. പൈലി</u>):

എ) & (ബി) ഇതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ പറയുന്നവയാണ്

ബി. ടി. ട്രെയിനിംഗ്.—കൊച്ചിവിഭാഗം, ട്രെയിനിംഗിനു പോകുന്ന സമയത്തു വാങ്ങിയിരുന്ന ശമ്പളവും, ക്ഷാമബത്തയും;

തിരുവിതാംകൂർവിഭാഗം.—ട്രെയിനിംഗിനുപോയിരുന്ന സമയത്തു വാങ്ങിയിരുന്ന ശമ്പളവും ക്ഷാമബത്തയും;

ബേസിക്ക് ട്രെയിനിംഗ്.—കൊച്ചിവിഭാഗം, ൨൦ രൂപ സ്റ്റൈപ്പൻറും ൨൦ രൂപ ക്ഷാമബത്തയും,

തിരുവിതാംകൂർ വിഭാഗം.—൨൦ രൂപ സ്റ്റൈപ്പൻറും, ൨൦ രൂപ ക്ഷാമബത്തയും,

സ്പെഷ്യലിസ്റ്റ് ട്രെയിനിംഗ്.—കൊച്ചി വിഭാഗം, ഡിപ്പാർട്ടുമെൻറ് സ്കൂളിൽനിന്നു പോകുന്നവക്ക് അവർ ട്രെയിനിംഗിനു പോകുന്ന സമയത്ത് വാങ്ങിയിരുന്ന ൪൦ രൂപയിൽ കവിയാത്ത ശമ്പളവും ക്ഷാമബത്തയും; പ്രൈവററ് സ്കൂളുകളിൽനിന്ന് പോകുന്നവർക്ക് അവർ പോകുന്ന സമയത്തു വാങ്ങിയിരുന്ന ൪൦ രൂപയിൽ കവിയാത്ത ശമ്പളവും വാങ്ങിയിരുന്ന ക്ഷാമബത്തയുടെ പകുതിയും,

തിരുവിതാംകൂർ വിഭാഗം.—കൊച്ചിയിലെപ്പോലെതന്നെ.

സെക്കൻററിട്രെയിനിംഗ്.—കൊച്ചിവിഭാഗം, ട്രെയിനിംഗിനു പോകുന്നസമയത്തു വാങ്ങിയിരുന്ന ശമ്പളത്തിൻെറ പകുതി ൨൦ രൂപയിൽ കുറയാത്ത സ്റ്റൈപ്പൻറും ൨൦ രൂപ ക്ഷാമബത്തയും,

തിരുവിതാംകൂർ വിഭാഗം, സർക്കാർസ്കൂളുകളിൽനിന്നു പോകുന്നവക്ക് ൨൦ രൂപ സ്റ്റൈപ്പൻറും, പ്രൈവററ് സ്കൂളുകളിൽനിന്ന് പോകുന്നവക്ക് ൧൦ രൂപ സ്റ്റൈപ്പൻറുഗ്രാൻറും.

ഇതുകൂടാതെ കൊച്ചിവിഭാഗത്തിൽനിന്നും സെക്കൻററിട്രെയിനിംഗിനു പോകുന്നവക്ക് ൧൧൨൪-ൽ സ്കൂൾ തുറന്നതിനുശേഷം നിയമിതരായിട്ടുള്ള പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാക്കും ൧൯൪൯ ഫെബ്രുവരി ൧൫-നു-ക്കശേഷം സക്കാർ സർവ്വീസിൽ പ്രവേശിച്ച സക്കാർ സ്കൂൾ അദ്ധ്യാപകന്മാക്കും സ്റ്റൈപ്പൻറും ക്ഷാമബത്തയും കൊടുക്കുന്നില്ല.

ശ്രീ. പി. നാണു: കൊച്ചിയിലുള്ള സെക്കണ്ടറി വിഭാഗത്തിൽപ്പെട്ട വിദ്യാത്ഥികൾക്ക് ൪൦ രൂപ കിട്ടുമ്പോൾ തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ടവക്ക ൨൦ രൂപ കിട്ടുന്നതിനുള്ള കാരണം എന്താണ്?

ശ്രീ. എൽ. എം. പൈലി: രണ്ടുസ്ഥലത്തും രണ്ട് വ്യവസ്ഥയാണുള്ളത്. അതിപ്പോഴം തുടന്നുവരികയാണ്.

ശ്രീ. പി. നാണു: ബി. ടി. കാരെസംബന്ധിച്ചിടത്തോളം രണ്ടു സ്ഥലത്തും ഇതുപോലെ രണ്ടു വ്യവസ്ഥ ആയിരുന്നില്ലേ?

ശ്രീ. എൽ. എം. പൈലി: ആയിരുന്നു. എന്നാൽ ഇപ്പോൾ അതു ഒരുപോലെയാക്കി.

ശ്രീ. പി. നാണു: സെക്കണ്ടറി വിഭാഗക്കാരെസംബന്ധിച്ച് അങ്ങിനെ ഒരുപോലെ ആക്കാതിരിക്കാൻ എന്താണ് കാരണം?

ശ്രീ എൽ. എം. പൈലി: അതിനെപ്പററി ആലോചിച്ചുവരികയാണ്.

ശ്രീ. പി. നാണു: കൊച്ചിയിൽ ൪൦ രൂപ വാങ്ങിക്കുന്നവരായ സെക്കണ്ടറി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകവിദ്യാത്ഥികൾ ഫീസുകൊടുക്കാതെ ട്രെയിംനിംഗ് നടത്തിക്കൊണ്ടിരിക്കവെ ൨൦ രൂപമാത്രം വാങ്ങിക്കുന്ന തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ടവക്ക് ഫീസ് കൊടുക്കേണ്ടിവരുന്നു എന്നവിവരം ബഹു. മന്ത്രിക്കറിയാമോ?

ശ്രീ. എൽ. എം. പൈലി: നോട്ടീസ് വേണം.

ശ്രീ. പി. നാണു: ഈ വ്യത്യാസങ്ങൾ പരിഹരിച്ചുകിട്ടണമെന്ന് കാണിച്ച് ഗവന്മെന്റിനു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഉണ്ട്. അതേപ്പററി ആലോചിച്ചുവരികയാണ്.

ശ്രീ. പി. നാണു: അതിനു എത്രകാലതാമസം വേണമെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: കഴിയുന്നത്ര നേരത്തെ ഇതിനു പരിഹാരം കണ്ടുപിടിക്കണമെന്നാണ് ഗവന്മെന്റിന്റെ ആഗ്രഹം.

ശ്രീ. അലക്സാണ്ടർ വാകയിൽ: തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട സെക്കണ്ടറി ട്രെയിനിംഗ് സ്കൂൾ അദ്ധ്യാപക വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള ഒരു രൂപതന്നെയും സ്കൂൾ തുറന്നിട്ട് ഇതുവരെ കിട്ടിയിട്ടില്ലെന്നു ഇന്നലെ ഇടപ്പള്ളിസ്കൂളിൽനിന്നും ഒരു കമ്പിസന്ദേശം വന്നതു ബഹു. മന്ത്രി കാണുകയുണ്ടായോ? അതിന്മേൽ എന്തു നടപടിനടത്തി?

ശ്രീ. എൽ. എം. പൈലി: അങ്ങിനെ ഒരു കമ്പിവന്നിരുന്നു. വേണ്ടനടപടികൾ നടത്തുവാൻ ഡിപ്പാർട്ടുമെന്റൽ മേലധികാരിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്പിയിൽ പറയുന്ന സംഗതികൾ വാസ്തവമാണോ എന്നന്വേഷിച്ച് ശരിയാണെങ്കിൽ എത്രയുംവേഗത്തിൽ അതു പരിഹരിക്കാനായി മൂവാററുപുഴ ഡിവിഷൻ ഇൻസ്പെക്ടരോട് കമ്പിമാർഗ്ഗമായോ ഫോൺമാർഗ്ഗമായോ ആവശ്യപ്പെടണമെന്ന് ഗവന്മെന്റ നിർദ്ദേശിച്ചിട്ടുണ്ട്, അപ്രകാരം ചെയ്യാമെന്നു സമ്മതിക്കയും ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ. നാലുകൊല്ലത്തിനുമുമ്പ് തിരുവിതാംകൂർവിഭാഗത്തിൽപ്പെട്ട ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് കൊച്ചിയിൽ കൊടുത്തിരുന്നതുപോലെയുള്ള ശമ്പളമാണ് അനുവദിച്ചിരുന്നതെന്നു പറയുന്നതു ശരിയാണോ?

ശ്രീ. എൽ. എം. പൈലി: നോട്ടീസ് വേണം.

ശ്രീ. ടി. വി. ദേവൻ: ഇടപ്പള്ളിസ്കൂളിൽ മാത്രമല്ല, ഇപ്രകാരം സ്റ്റൈപ്പണ്ടു കിട്ടാതിരിക്കുന്നതെന്നും ഏകദേശം ഒരു സ്കൂളുകൾക്ക് ഇതുപോലെ കിട്ടാതെയുണ്ടെന്നും എനിക്ക് നേരിട്ടറിയാവുന്നതുകൊണ്ട് അങ്ങിനെയുള്ള എല്ലാ സ്കൂളുകൾക്കും ഈ സ്റ്റൈപ്പണ്ടു എത്രയുംവേഗം കിട്ടുന്നതിനു വേണ്ട ഏർപ്പാടുചെയ്യുമോ?

ശ്രീ. എൽ. എം. പൈലി: കിട്ടാത്ത സ്കൂളുകൾ ഏതെല്ലാമെന്ന് ഗവന്മെന്റിനു അറിവുകിട്ടിയാൽ വേണ്ടനടപടികൾ ഉടൻ എടുക്കുന്നതാണ്.

Sri. N. Daniel Jose: For how long has the matter been under the consideration of Government?

Sri. L. M. Pylee: For some time past.

Sri. N. Daniel Jose: For what time?

Sri. L. M. Pylee: The exact duration of the period I cannot say.

ശ്രീ. അലക്സാണ്ടർ വാകയിൽ; സ്കൂൾ തുറന്നു അഞ്ചും ആറും മാസം കഴിഞ്ഞതിനുശേഷം മാത്രമേ സ്റ്റൈപന്റ് അനുവദിക്കുന്നുള്ളു എന്ന കാര്യം ഗവന്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

ശ്രീ. കെ. എ. മാത്യു: ഡിപ്പാർട്ടുമെന്റിന് സമ്മതമുണ്ടെങ്കിൽ മാത്രമേ ഗവന്മെന്റിനു എന്തെങ്കിലും ചെയ്യുവാൻ നിവൃത്തിയുള്ളോ? ഡിപ്പാർട്ടുമെന്റ് അതു് സമ്മതിക്കയുംചെയ്തു എന്നു മുമ്പേ പറഞ്ഞതുകൊണ്ട് ചോദിച്ചതാണ്.

ശ്രീ. എൽ. എം. പൈലി: ആ അർത്ഥത്തിലല്ല അതു് പറഞ്ഞതു്, ഡിപ്പാർട്ടുമെൻറിനെ വിവരം ധരിപ്പിച്ചു, ഉടനെ വേണ്ട നടപടി നടത്തുവാൻ അവർ തയ്യാറാവുകയും ചെയ്തു എന്നാണു് പറഞ്ഞതു്.

അദ്ധ്യാപകന്മാരുടെ ഇൻക്രിമെൻറു്

*൧൧൪. (൩) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ബേസിക് ശമ്പളം നടപ്പാക്കിയശേഷം ഏതെങ്കിലും അദ്ധ്യാപകന്മാരുടെ ഇൻക്രിമെൻറു് നിറുത്തിവെച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്കു് വീണ്ടും ഇൻക്രിമെൻറു് അനുവദിക്കുകയോ അവർ വാങ്ങാൻ ഇടയാവുകയോ ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) (ബി) ഷിഫ്റ്റുപദ്ധതി നടപ്പാക്കുന്നതുമുതൽ സർക്കാർ പ്രാഥമിക വിദ്യാലയത്തിലെ എല്ലാ അദ്ധ്യാപകന്മാർക്കും ൧൫ രൂപ അടിസ്ഥാനശമ്പളവും ഹെഡ്മാസ്റ്ററന്മാർക്കു് ഇതിനുപുറമേ ൫ രൂപ അലവൻസും കൊടുത്തുതുടങ്ങി. ഇങ്ങനെ ൧൫ രൂപ അടിസ്ഥാനശമ്പളം വാങ്ങിക്കുന്ന പ്രാഥമികവിദ്യാലയങ്ങളിലെ അദ്ധ്യാപകരെ മിഡിൽ സ്കൂളുകളിലെ ൧൧-൧൭ രൂപവരെയുള്ള സ്കെയിലിലേക്കു് പ്രമോട്ടു ചെയ്യുമ്പോൾ ൧൨ രൂപ ശമ്പളം കൊടുക്കുന്നു. എന്നാൽ ൧൫ രൂപയിൽനിന്നും ൧൬ രൂപയായി അവരുടെ ശമ്പളം ഉയരുന്നതിനു പര്യാപ്തമായ ഇൻക്രിമെൻറു്, ൧൧-൧൭ രൂപ സ്കെയിലിലേക്കു് പ്രമോട്ടുചെയ്ത തീയതിമുതൽ ഒരു കൊല്ലം കഴിഞ്ഞാൽ കൊടുക്കുന്നതല്ല. ൧൧-൧൭ രൂപ സ്കെയിലിൽ ൧൧ രൂപ ശമ്പളത്തിൽ തുടങ്ങുകയാണെങ്കിൽ എന്നാണോ ൧൬ രൂപ മേടിക്കാൻ അർഹതയുള്ളതു് അന്നുതൊട്ടേ അവർക്കു് ഇൻക്രിമെൻറു് അനുവദിച്ചു് ൧൬ രൂപ മേടിക്കുവാൻ സാദ്ധ്യതയുള്ളൂ.

കൊച്ചി-തിരുവിതാംകൂറിലെ പ്രാഥമിക വിദ്യാലയങ്ങളിലേയും മിഡിൽ സ്കൂളുകളിലേയും അദ്ധ്യാപക ശമ്പളം ഏകീകരിക്കുന്നതോടുകൂടി ഈ ന്യൂനത പരിഹരിക്കുന്നതാണു്.

ശ്രീ. പി. നാണു: അങ്ങിനെ ഒരു കൊല്ലം കഴിഞ്ഞാൽ മിഡിൽ സ്കൂളുകളിലേക്കു് എടുത്തിട്ടുള്ള അദ്ധ്യാപകന്മാർക്കു് ഇൻക്രിമെൻറു് അനുവദിക്കാതിരിക്കുന്നതുകൊണ്ടു് അങ്ങിനെയുള്ള അദ്ധ്യാപകന്മാർക്കു് വളരെ സങ്കടം ഉണ്ടെന്നുള്ള വിവരം ഗവൺമെൻറിനു അറിയാമോ?

ശ്രീ. എൽ. എം. പൈലി: അവർക്കു് യാതൊന്നും നഷ്ടപ്പെടുന്നില്ല. ൧൧ രൂപ ശമ്പളം കിട്ടുന്ന സ്ഥാനത്തു ൧൫ രൂപ അവർക്കു് ലഭിക്കുന്നുണ്ടു്. സ്കെയിലിന്റെ മുറ അനുസരിച്ചുള്ള ഇൻക്രിമെൻറു് എത്രകാലം കഴിഞ്ഞാണോ ൧൬ ആകുന്നതു് അപ്പോൾ മാത്രമേ അവർക്കു് ൧൬ രൂപ വാങ്ങുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

ശ്രീ. പി. നാണു: ഇങ്ങനെയാണു് ഇൻക്രിമെൻറു് കൊടുക്കുന്നതെന്നുള്ള ഉത്തരവു് ഗവൺമെൻറു് എന്നാണു് പുറപ്പെടുവിച്ചതു്?

ശ്രീ. എൽ. എം. പൈലി: അതിനു നോട്ടീസ് വേണം.

ശ്രീ. പി. നാണു: മിഡിൽസ്കൂളിലേക്കുള്ള നിയമനത്തിനും ഇൻക്രിമെൻറു തടഞ്ഞുകൊണ്ടുള്ള ഈ ഉത്തരവു പുറപ്പെടുവിച്ചതിനും ഇടയ്ക്കുള്ളകാലത്തു ചില സ്ഥലങ്ങളിൽ അദ്ധ്യാപകന്മാർ ഇൻക്രിമെൻറു് വാങ്ങിയിട്ടില്ലയോ?

ശ്രീ. എൽ. എം. പൈലി: ചില സ്ഥലങ്ങളിൽ വാങ്ങിയിരിക്കാം.

ശ്രീ. പി. നാണു: അങ്ങിനെ വാങ്ങിയിട്ടുള്ളവർ ആ തുക തിരിച്ചു കൊടുക്കണമെന്നാണോ ഗവർമ്മെൻറിൻെറ തീരുമാനം?

ശ്രീ. എൽ. എം. പൈലി: അതു തിരിച്ചു കൊടുക്കണമെന്നാണ് ഇപ്പോഴത്തെ നില. അതേപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. നാണു: എന്താണ് ഗവർമ്മെൻറ് ആ നില എടുത്തതു്?

ശ്രീ. എൽ. എം. പൈലി: നിലവിലുള്ള റൂൾ വ്യാഖ്യാനിക്കുമ്പോൾ തുക തിരിച്ചു കൊടുക്കേണ്ടതായിട്ടാണ് കാണുന്നതു്. അതുകൊണ്ടു് ചിലക്ക് ക്ലേശങ്ങൾ ഉണ്ടായിട്ടുണ്ടെന്നറിയാം. ഗവർമ്മെൻറ് അതേപ്പററി ആലോചിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. പി. നാണു: വാങ്ങിയ തുകയെങ്കിലും തിരിച്ചുകൊടുക്കാതിരിക്കാൻ വേണ്ട ഉത്തരവു് പുറപ്പെടുവിക്കുമോ?

ശ്രീ. എൽ. എം. പൈലി: അതുകൊണ്ടു് അദ്ധ്യാപകന്മാക്കുണ്ടാകുന്ന കഷ്ടത ലഘൂകരിക്കുന്നതിനു് പ്രതിമാസം രണ്ടു് രൂപ വീതം വാങ്ങിക്കുന്നതിനാണ് ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ളതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: തിരുവിതാംകൂർ വിഭാഗത്തും കൊച്ചിവിഭാഗത്തും അടിസ്ഥാനശമ്പളം ഒരുപോലെയാണോ?

ശ്രീ. എൽ. എം. പൈലി: അല്ല.

പട്ടികവർഗ്ഗങ്ങളുടെ ഉന്നമനം.

* ൨൨൭. (൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചിയിലെ പട്ടികവർഗ്ഗങ്ങളുടേയും ഗിരിവർഗ്ഗക്കാരുടേയും ഉന്നമന പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവർമ്മെൻറിൽനിന്നും ൧൧൨൫–൨൬ ബഡ്ജററ് വർഷത്തിൽ എന്തു തുക അനുവദിച്ചു എന്നും, അതിൽ എന്തു തുക ഏതിനത്തിൽ ചിലവായി എന്നും പറയുമോ;

(ബി) ൧൧൨൬–൨൭ സാമ്പത്തികവർഷത്തിൽ ഈ ഇനത്തിൽ കേന്ദ്രഗവർമ്മെൻറിൽനിന്നും എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും അതു് ഏതിനത്തിൽ ചിലവു് ചെയ്യുന്ന എന്നും പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ:)

(എ- യും, ബി. യും.) ഈ ഇനത്തിൽ കേന്ദ്രഗവർമ്മെൻറിൽ നിന്നും ഒരു തുകയും ലഭിച്ചിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കേന്ദ്രഗവർമ്മെൻറിൽനിന്നും ഈ ഇനത്തിൽ ഒരു തുക അനുവദിക്കുന്നതാണെന്നു പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരിക്കാം, ഗവർമ്മെൻറിനറിവില്ലെന്നേയുള്ളു.

പ്രാതിനിദ്ധ്യം നൽകേണ്ട സമുദായങ്ങൾ

*൨൨൮. (൫) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ:—

(എ) ഉദ്യോഗവിതരണം, മററു സൗജന്യങ്ങൾ മുതലായി പ്രാതിനിദ്ധ്യം നൽകേണ്ട സമുദായങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുവാൻ നിയുക്തമായ കമ്മി

റ്റിയിലെ അംഗങ്ങൾ ആരെല്ലാം; അവർ ഏതേതു സമുദായങ്ങളെ പ്രതിനിധീകരിക്കുന്നു എന്നു പറയുമോ;

(ബി) ഈ കമ്മറ്റിയിൽ പട്ടികവർഗ്ഗക്കാരുടെ പ്രതിനിധികൾ ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ ആര്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ:)

(എ) ൧. ശ്രീ. പി. എ. കാസിം (ചെയർമാൻ)
൨. ,, കെ. എസ്സ്. രാഘവൻ
൩. ,, എം. സി. തോമസ്
൪. ,, കെ. രാമുണ്ണിനായർ
൫. ,, ജോർജ്ജ് തോമസ്, (സെക്രട്ടറി കൺവീനർ)

ആദ്യമെ ശ്രീ. തോമാസ് മാഞ്ഞൂരാനെയാണ് എടുത്തിരുന്നതു്. അതിന പകരമാണ് ശ്രീ. ജോർജ്ജ് തോമസ്സിനെ എടുത്തിരിക്കുന്നതു്.

(ബി) ഇല്ല. പട്ടികജാതി വർഗ്ഗക്കാർക്ക് പ്രത്യേക പ്രാതിനിധ്യം ഉണ്ടു്. ബാക്കി സമുദായങ്ങളിൽ ഏതെല്ലാം സമുദായക്കാർക്കാണ് പ്രാതിനിധ്യം കൊടുക്കേണ്ടതെന്നാണ് ആലോചിക്കുന്ന വിഷയം. ഇനി ഓരോ അംഗങ്ങളും ഏതേതു സമുദായത്തിൽപ്പെട്ടവരാണെന്നു വേണമെങ്കിൽ പറയാം.

ശ്രീ.	പി. എ. കാസിം	മുസ്ലിം
,,	കെ. എസ്സ്. രാഘവൻ	ഈഴവൻ
,,	എം. സി. തോമസ്	യാക്കൊബൈറ്റ്
;;	കെ. രാമുണ്ണിനായർ	നായർ
,,	ജോർജ്ജ് തോമസ്	കത്തോലിക്കൻ

Sri. A. Chidambaranatha Nadar: May I know who is the member representing the communities that are scantily represented in the Government Service, in the Committee?

Sri. C. Kesavan: The Committee is not meant to give representation to all the communities. A list is being prepared with a view to find out the deficiency of representation of all communities—not of one community or other—in the public service and to make suggestions.

REST HOUSE

*227. (6) **Sri. D. Gnanasigamoni:** Will the hon. the [Chief Minister be pleased to state:

(*a*) whether there is any proposal now pending consideration with Government for leasing out the Rest Houses in the State to any private company;

(*b*) if so, the name of the company; and

(*c*) at what stage is this proposal?

മുഖ്യമന്ത്രി (ശ്രീ. കേശവൻ): ഇതിനുള്ള ഉത്തരം നേരത്തെ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്.

റോഡ് കാൺക്രീററ്

*൨൨൮. (൭) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ,—

(എ) ചേർത്തല കൺസർവൻസി ടൌൺ വിഭാഗത്തു ഒരു മൈൽ റോഡ് കാൺക്രീററ്ചെയ്തു ടാർഡ്റോഡ് ആക്കുന്നതാണെന്ന് ഗവർമ്മെൻറിൽ നിന്നും ഉദ്ദേശം ഒരു കൊല്ലത്തിനമുമ്പെ പറഞ്ഞിട്ടില്ലേ;

(ബി) ഇതേവരെ അതു നടപ്പിലാക്കാത്തതു എന്തുകൊണ്ടാണ്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡ് ഇൻഡ്യാ ഗവമ്മെൻറിൻെറ സംരക്ഷണത്തിൽ ഇരിക്കുന്നതിനാൽ കാൺക്രീററു ചെയ്യിക്കേണ്ടതു് ഇൻഡ്യാ ഗവർമ്മെൻറിൽ നിന്നുമാണ്. ഈ വെസ്റ്റ് കോസ്റ്റ് റോഡിനെ സംബന്ധിച്ച് Road Surfacing-ന് ഒരു എസ്റ്റിമേററ് ഇൻഡ്യാ ഗവർമ്മെൻറിലേക്ക് ‡അയച്ചിട്ടുണ്ട്. അതു് അനുവദിച്ചു വന്നിട്ടില്ല.

രോഗികൾക്കു ഭക്ഷണം

* ൨൨൯. (വ്യ) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആശുപത്രികളിൽ രോഗികൾക്കു കൊടുക്കുന്നതിനു് ഇപ്പോൾ എത്രതരം (Varieties) ഭക്ഷണമാണ് ഏർപ്പെടുത്തിയിട്ടുള്ളതു്; ഓരോന്നിൻേറയും Ingredients എന്താണ്;

(ബി) ഇതിൽ ഏതുതരം ഭക്ഷണമാണ് സന്നിപാതജ്വരം, വയറുകടി, (Typhoid and dysentery) ഈവക രോഗങ്ങൾ ബാധിച്ചവർക്കു കൊടുക്കുന്നതു്; മിൽക്കുഡയററു് ആണെങ്കിൽ അതിൽ ചൌവരിയോ കൂവപ്പൊടിയോ ചേർക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തു്;

(സി) ഡയബെററീസ് മുതലായ പ്രത്യേകതരം രോഗികൾക്ക് ഇപ്പോൾ നിലവിലിരിക്കുന്ന ഏതെങ്കിലും തരം ഭക്ഷണം പററുന്നതാണോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ആശുപത്രികളിൽ രോഗികൾക്ക് കൊടുത്തുവരുന്ന ഡയററിൻെറ പരസ്യപ്പെടുത്തിയിട്ടുള്ള ഒരു പകർപ്പു മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) ഡയററു നിശ്ചയിക്കുന്നതു് രോഗികളെ ചികിത്സിക്കുന്ന ഡാക്ടരുടെ അഭിപ്രായപ്രകാരമാണ്.

(സി) ഡയബററീസ് മുതലായ പ്രത്യേകതരം രോഗങ്ങൾക്ക് പ്രത്യേക ഡയററു കൊടുക്കുന്നതിനു പ്രത്യേക വ്യവസ്ഥയുണ്ട്.

പ്രൈവററു സ്കൂളുകളിലെ സഹായധനബില്ലുകൾ

* ൨൩൦. (ൻ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പ്രൈവററുസ്കൂളുകളിലെ സഹായധനബില്ലുകൾ പാസ്സാക്കുന്നതിൽ താമസം വരുത്തുന്നതുകൊണ്ട് അദ്ധ്യാപകന്മാർക്കു വലിയ വിഷമങ്ങൾ ഉള്ളതായി അറിയാമോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. പി. എം. പൈലി):

ബില്ലുകൾ പാസ്സാക്കുന്ന കാര്യത്തിൽ താമസം നേരിടുന്നതുകൊണ്ട് അദ്ധ്യാപകന്മാർക്കു വലിയ വിഷമമുണ്ടെന്നു ഗവമ്മെൻറിനറിയാം. അങ്ങിനെ താമസം നേരിടാതിരിക്കുന്നതിനു വേണ്ടതു ചെയ്യുന്നതാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: കഴിഞ്ഞവർഷത്തിൽ പല സ്കൂളുകളിലെയും ഗ്രാൻറു ബില്ലുകൾ പാസ്സാക്കിയിട്ടില്ലെന്നു പരാതികൾ ഗവമ്മെൻറിൻെറ അടുക്കൽ വന്നിട്ടുള്ളതായി അറിയാമോ?

---

‡ See Appendix I—Page 455—456

ശ്രീ. എൽ. എം. പൈലി: അങ്ങിനെ പരാതികൾ ഗവമ്മെൻറിൽ വന്നിട്ടുള്ളതായി അറിവില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: വത്തമാനപ്പത്രങ്ങളിൽ ഈ വസ്തുത പരസ്യപ്പെടുത്തിയിരുന്നതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: അങ്ങിനെ ഉണ്ടായിരിക്കാം.

ശ്രീ. അലക്സാണ്ടർ വാകയിൽ. ക്ലാക്കന്മാക്ക് ചില പ്രസൻറസ് കൊടുത്താൽ ബില്ലുകൾ വേഗം പാസ്സാക്കാം എന്ന ഗവമ്മെൻറിനറിയാമോ?

ശ്രീ. എൽ. എം. പൈലി: അങ്ങനെയുള്ള കാര്യങ്ങൾ ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇങ്ങനെ താമസം നേരിടുന്നതുമൂലം വളരെ വിഷമങ്ങൾക്ക കാരണമാണെന്ന ഗവമ്മെൻറ വിചാരിക്കുന്നുണ്ടോ?

Mr. Speaker: That is an inference. The question is disallowed.

മെഡിക്കൽ കോളേജ്

*൨൩൭. (൭൦) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പുമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്ക് സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്കുള്ള പ്രൊഫസർ നിയമനങ്ങളിൽ ഒന്നാമത്തതിൻേറയും രണ്ടാമത്തതിൻേറയും തീയതികൾ ഏവ;

(ബി) പ്രസ്തുത കോളേജിലേക്ക് ലൈബ്രേറിയനെ നിയമിച്ചതെന്നാണ്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) പ്രൊഫസറന്മാരെ നിയമിച്ച് ഉത്തരവു പുറപ്പെടുവിച്ച തീയതി ൩—൩—൧൧൨൫. ഒന്നാമത്തേയും രണ്ടാമത്തേയും പ്രൊഫസറന്മാർ യഥാത്ഥത്തിൽ ചാർജെടുത്തത് ൧൬—൭—൧൧൨൫-ലും ൫—൯—൧൧൨൫-ലുമാണ്.

(ബി) ഒരു പാർട്ട് ടൈം ലൈബ്രേറിയനെ ൨൧—൬—൧൧൨൪ മുതൽക്കും ഒരു അസിസ്റ്റൻറ് ലൈബ്രേറിയനെ ൦—൪—൧൧൨൫ മുതൽക്കും നിയമിച്ചിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ ലൈബ്രേറിയനെമാത്രം ഇത്രനേരത്തെ നിയമിച്ചതെന്തിനാണ്?

ശ്രീ. സി. കേശവൻ: കുറച്ചു നേരത്തെ നിയമിച്ചതു ലൈബ്രറിയെ സംബന്ധിച്ച മററ കോളേജുകളിലുംമററും പോയി കാര്യങ്ങൾ അന്വേഷിച്ച ജോലിചെയ്യുന്നതിനുവേണ്ടിയാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: പ്രൊഫസറന്മാരില്ലാതെ മററ കാര്യങ്ങൾ ലൈബ്രേറിയനാണോ അന്വേഷിക്കേണ്ടത്?

ശ്രീ. സി. കേശവൻ: മററ കാളേജുകളിൽപോയി കാര്യങ്ങൾ അന്വേഷിച്ചറിയുന്നതിലേക്കായി നിയമിച്ചതാണ്.

നെല്ലെടുപ്പ്

*൨൩൮. (൧൧) ശ്രീ. പി. കെ. കുമാരനാചാരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ..

(എ) ൧൯൫൦-ൽ ഈ സംസ്ഥാനത്തുനിന്നും ആകെ എത്ര പറ നെല്ല് ഗവമ്മെൻറിലേയ്ക്ക് എടുത്തിട്ടുണ്ടെന്നും അതിൽ തിരുവിതാംകൂർ വിഭാഗത്തുനിന്നും എടുത്തിട്ടുള്ളതു് എത്രയാണെന്നും പറയാമോ;

(ബി) ൧൯൫൧-സെപ്റ്റംബർവരെ ഈ സംസ്ഥാനത്തുനിന്നും എടുത്തിട്ടുള്ള നെല്ല് എത്രപറ; അതിൽ തിരുവിതാംകൂർ വിഭാഗത്തുനിന്നും എടുത്തിട്ടുള്ളതു് എത്ര പറയാണ്.

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഈ സംസ്ഥാനത്തുനിന്നും ൧൯൫൦-ൽ ആകെ എടുത്തതു് ൧,൩൪,൪൫,൬൩൮ പറ നെല്ല്. അതിൽ തിരുവിതാംകൂർ വിഭാഗത്തുനിന്നും ൭൫,൦൫,൭൩൮ പറ.

(ബി) ൧൯൫൧-ൽ സെപ്റ്റംബർ ൧-ാം തീയതിവരെ ആകെ ൮൩,൪൧,൫൨൧ പറ. തിരുവിതാംകൂറിൽ നിന്നും എടുത്തിട്ടുള്ളതു് ൫൦,൯൭,൧൩൩ പറ.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ ലെവി സിസ്റ്റം നടപ്പിലാക്കിയതിൽപിന്നെ തിരുവിതാംകൂറിൽനിന്നും കൂടുതൽ നെല്ലെടുക്കാൻ സാധിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: തിരുവിതാംകൂർ വിഭാഗത്തുനിന്നും കൂടുതലാണു് എടുത്തിട്ടുള്ളതു്.

ശ്രീ. പി. കെ. കുമാരൻ ആചാരി: മുൻകൊല്ലങ്ങളിൽ കിട്ടിക്കൊണ്ടിരുന്നതിൽ കൂടുതലായിട്ടാണോ എടുത്തിട്ടുള്ളതു്?

ശ്രീ. കെ. എം. കോര: തലേകൊല്ലത്തിൽ കിട്ടിയതിൽനിന്നും കൂടുതലായിട്ടാണ് കിട്ടിയിട്ടുള്ളതു്. ലെവി സിസ്റ്റം ഉണ്ടാകുന്നതിനു മുമ്പേ കിട്ടിക്കൊണ്ടിരുന്നതിൽ കൂടുതലാണ്.

ശ്രീ. പി. കെ. കുമാരൻ ആചാരി: കൊച്ചി വിഭാഗത്തുനിന്നും എടുത്തിട്ടുള്ളതു് വളരെ കുറവാണെന്നറിയാമോ?

ശ്രീ. കെ. എം. കോര: കുറച്ചു കുറവാണെന്നു് ഞാൻ ഇതിനുമുൻപേ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ പ്രൊക്യൂവർ ചെയ്തിട്ടുള്ളതു് വിളവിന്റെ എത്ര ശതമാനമാണെന്നറിയാമോ?

ശ്രീ. കെ. എം. കോര: ഏകദേശം ൨൫ ശതമാനം.

ശ്രീ. കെ. രാമകൃഷ്ണപിള്ള: കുട്ടനാടൻ പ്രദേശത്തുനിന്നും നിശ്ചിത വ്യവസ്ഥയിൽനിന്നും കൂടുതൽ നെല്ല് കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അവിടെ മട വീണതെല്ലാം പരിഗണിച്ചു നോക്കുമ്പോഴും കൂടുതലായിട്ടാണ് കിട്ടിയിരിക്കുന്നതു്.

വേമ്പനാട്ടുകായൽ പദ്ധതി

*൨൩൩. (൧൨) ശ്രീ. പി. കെ. കുമാരനാചാരി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) വേമ്പനാട്ടുകായൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലി പൂത്തിയായിട്ടുണ്ടോ?

(ബി) അതിനുവേണ്ടി ആകെ എത്ര രൂപാ ഇതിനകം ചെലവുചെയ്തിട്ടുണ്ടു്?

(സി) ഈ പദ്ധതിയനുസരിച്ചുള്ള ബണ്ടു കെട്ടുന്നതിന് ആകെ എത്ര രൂപാ വേണ്ടിവരും?

ധനകാര്യവും, ഭക്ഷ്യവും, വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഉണ്ട്.

(ബി) ൩൪,൩൨൨ രൂ. ൯ ണ. ൮ സ.

(സി) ൪൯ ലക്ഷം രൂപാ.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ കഴിഞ്ഞ ബഡ്ജററിൽ ഈ ആവശ്യത്തിനുവേണ്ടി ആകെ എത്ര രൂപാ നീക്കിവെച്ചിട്ടുണ്ട്?

ശ്രീ. കെ. എം. കോര: ൫൯ ലക്ഷം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: വേമ്പനാട്ടുകായൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ആഫീസർ ആരാണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: ശ്രീ. വൈദ്യനാഥൻ ആണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അദ്ദേഹം ഇതുസംബന്ധിച്ചു വല്ല റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കുമാരൻ ആശാരി: ഈ പദ്ധതി വിജയപ്രദമാകുമോ?

ശ്രീ. കെ. എം. കോര: വിജയപ്രദമാണ്.

ശ്രീ. പി. കെ. കുമാരൻ ആശാരി: ഈ പദ്ധതി നിറുത്തിവെയ്ക്കണമെന്നു ഗവമെന്റാലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ല.

കോൺക്രീററ് റോഡ്

*൨൩൪. (൫൩) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ സംസ്ഥാനത്തു ആകെ എത്ര മൈൽ ദൂരത്തിൽ റോഡ് കോൺക്രീററ് ചെയ്തുകഴിഞ്ഞു?

(ബി) ഇതിന് ആകെ ചെലവായ രൂപാ എത്ര?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ൧൩ മൈൽ, ൧ ഫർലാങ് ൪൮ ൪$\frac{1}{2}$ അടി.

(ബി) ൩൩,൪൯,൩൩൩ രൂ. ൧ ണ. ൫ ൦ സ.

ശ്രീ. പി. കെ. കുമാരൻ ആചാരി: കോട്ടയത്തുനിന്നും ഏററുമാനൂരേക്കുള്ള റോഡ് മുഴവൻ കോൺക്രീററ് ചെയ്തു തീർക്കുന്നതിനാലോചിക്കുന്നുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: എല്ലാ സ്ഥലത്തും റോഡ് കോൺക്രീററ് ചെയ്യണമെന്നു ആണ് ഗവമെൻറിൻെറ ആഗ്രഹം.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ ൧൩ മൈൽ എന്നു പറഞ്ഞതു് കന്യാകുമാരി മുതൽ പല സ്ഥലത്തുമായിട്ടാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: പല സ്ഥലത്തുമാണ്.

Sahib Bahadur A. Abdul Razaak: May I know the portion of the road which was concreted subsequent to the year 1947?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: കോട്ടയം ഡിവിഷനിലുമുണ്ട് തൃശ്ശിവപേരൂർ ഡിവിഷനിലുമുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: പല സ്ഥലങ്ങളിലും ഇങ്ങനെ കഷ്ണ്ണ കോൺക്രീററിടാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: എല്ലാ താലൂക്കിലും കഷ്ണ്ണ ചെയ്യണമെന്നു ഗവണ്മെന്റ് വിചാരിച്ചു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ സ്ഥലത്തിന്റെ പ്രത്യേകതയോ റോഡിന്റെ പ്രാധാന്യമോ അതോ വാഹനങ്ങൾ കൂടുതലായി സഞ്ചരിക്കുന്നതു നോക്കിയോ എങ്ങിനെയാണ് കോൺക്രീററ് ചെയ്തിരിക്കുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: എല്ലാം നോക്കിയായിരിക്കും ചെയ്തിട്ടുള്ളതു്.

ശ്രീ. കെ. രാമചന്ദ്രൻ: ഓരോ മന്ത്രിമാരുടേയും താലൂക്കുകൾക്ക് പ്രിഫറൻസ് കൊടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇരിഞ്ഞാലക്കുട റോഡ് കോൺക്രീററ് ചെയ്യുന്നതിന് എസ്റ്റിമേററ് തയാറാക്കി അയച്ചിട്ട് വളരെ നാളായി എന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അറിയാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: തിരുവനന്തപുരം ചെങ്കോട്ട റോഡാണ് തിരുവിതാംകൂറിൽ ഏററവും വാഹനഗതാഗതം കൂടുതൽ ഉള്ളതെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അങ്ങിനെയല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതു് ഡഫനിററാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഡഫനിററാണ്.

ശ്രീ. കെ. എ. മാത്യു: എം. സി. റോഡിൽ ബാക്കിയുള്ള സ്ഥലങ്ങളിൽ കൂടി കോൺക്രീററ് ചെയ്യുന്നതിന് എത്ര കാലം വേണ്ടിവരും?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: മുഴുവൻ റോഡും കോൺക്രീററ് ചെയ്യണമെന്നാണ് ഗവണ്മെന്റിന്റെ ഉദ്ദേശം.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: ൧൩ മൈൽ എന്നു പറഞ്ഞതു് തിരുവനന്തപുരം നാഗർകോവിൽ റോഡുകൂടി ഉൾപ്പെടുത്തിയാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതേ.

RESETTLEMENT AND EMPLOYMENT EXCHANGE

*235. (15) **Sri. K. Ramachandran;** Will the hon. the Chief Minister be pleased to state;

(*a*) the number of persons who have secured employment through the resettlement and employment exchange ;

(*b*) how far the proposal for converting this institution into a national exchange has progressed?

Minister for Industries and Labour: **(Sri. P. K. Krishnankutty Menon):**

(*a*) 7,862.

(*b*) The Exchanges were thrown open to civilians early in 1948.

Sri. K. Ramachandran: May I know, Sir, the total number of civilians who have applied for employment through the Exchange?

Sri. P. K. Krishnankutty Menon: Civilians: 17,689.

Sri. K. Ramachandran: May I know, Sir, whether the Government consult the Exchanges whenever vacancies arise?

Sri. P. K. Krishnankutty Menon : The notifications of the Public Service Commission are supplied to the Exchanges.

Sri. K. Ramachandran : What is the use of considering these Notifications by the Employment Exchange?

Sri. P. K. Krishnankutty Menon ; To give necessary information regarding availability of posts.

REFUGEES

***236 (15) Sri. K. Ramachandran ;** Will the hon. the Chief Minister be pleased to state the number of refugees (from North India) in the State and the nature and extent of assistance rendered them by Government?

Chief Minister **(Sri. C. Kesavan) ;** Government are not aware of the presence of refugees from North India in this State. But there are displaced persons from Pakistan and other places.

ശ്രീ. കെ. രാമചന്ദ്രൻ : ഈ കാര്യത്തിനുവേണ്ടി ഇൻഡ്യാ ഗവമ്മെൻറ ഈ സ്റ്റേറ്റിലേക്ക് എന്തുമാത്രം തുക ചിലവാക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ : ഇൻഡ്യാ ഗവമ്മെൻറിൽനിന്നും ഇതിന വേണ്ടി ഒന്നും ചിലവാക്കിയിട്ടില്ല.

Sri. A. P. Udayabhanu : May I know the number of displaced persons in the State?

Sri. C. Kesavan : Nearly 25 persons in the Trichur District and 15 at Trivandrum.

JUVENILE DELINQUENTS

***237 (17) Sri. N. Daniel Jose:** Will the hon. Minister for Law and Order be pleased to state:

(*a*) the steps taken for educating and reforming juvenile delinquents and destitute children ;

(*b*) whether the provisions of the Children Act of 1945 are invoked ;

(*c*) whether there are any homes for these children conducted on modern lines, and if so ;

(*d*) the number of children housed there with the amenities provided there and the expense incurred per head?

Minister for Education and Revenue **(Sri. L. M. Pylee) :**

(*a*) We have the Certified School, Trivandrum, established for this purpose. The Sri Chitra Home for the Poor and Destitute, Trivandrum, has also a section for this.

(*b*) Yes.

(*c*) Yes.

(*d*) 24 children in the Certified School.

The following amenities are provided :

i. General Education up to Form III.

ii. Technical training in weaving, printing, carpentry work, book binding and agriculture.

iii. Instruction in Hindi.

iv. Scouting.

A radio is installed there and there is facility for games like badminton, volley ball and there is also provision for excursions. The expense per head comes to Rs. 25 per mensem excluding the pay of the staff. There are 87 boys and 24 girls in the Sri Chitra Home for the Destitute and Poor. There is provision for general education up to class V (primary). Further education in middle and high schools is given at the expense of the institution. The expense per head per day comes to annas five.

Sri. N. Daniel Jose: Is there any person who is actually trained in this line of work to be in charge of the institution?

Sri. L. M. Pylee: No.

Sri. K. A. Mathew: May I know whether any juvenile court has been established as required by the Children's Act.

Sri. L. M. Pylee: No.

Sri. K. A. Mathew: May I know whether any Probation Officers have been appointed as required by the Act?

Sri. L. M. Pylee: No. These are the only two provisions that require fulfilment.

Sri. K. A. Mathew: May I know what steps are being taken by the Government in fulfilling these?

Sri. L. M. Pylee: All these matters are under the consideration of the Government.

Sri. A. K. George: Are not the Government aware that there is already a trained person for the work in the Central Jail, Viyyur?

Sri. L. M. Pylee: We have no information. Perhaps there may be one.

Sri. K. A. Mathew: May I know whether the Government are aware that a Children Aid Society has been formed in the State?

Sri. L. M. Pylee: Some communication has been received about this.

ടാർക്രീററ്

*൨൩൭. (൧൨൭) ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവല്ലാ–പുളിക്കീഴ് റോഡിൽ ഒരുമൈൽമുനിസിപ്പൽ റോഡ് ടാർക്രീററ് ചെയ്യുന്നതിനുള്ള ഗവൺമെൻറ സാങ്ക്ഷൻ കിട്ടിയതു എന്നാണ്;

(ബി) ഈ ടാർ ക്രീററിംഗിനുള്ള ചെലവിൽ ഒരംശം തിരുവല്ലാ മുനിസിപ്പാലിററി വഹിക്കുന്നതിനു തീരുമാനിച്ചതും അതനുസരിച്ചുള്ള തുക മുനിസിപ്പാലിററി ഏല്പിച്ചതും എപ്പോഴാണ്;

(സി) പണി ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ട്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ൧൯൫൧ ജനുവരിയിൽ.

(ബി) ൧൯൫൦ ആഗസ്റ്റിൽ തീരുമാനിച്ചുവെങ്കിലും ൧൯൫൧ മാർച്ചിൽ മാത്രമേ തുക ഏൽപ്പിച്ചിട്ടുള്ളു.

(സി) രണ്ടുപ്രാവശ്യം ടെണ്ടർവിളിച്ചിട്ടും എസ്റ്റിമേററിൽ കൂടുതൽ റേററിനുള്ള ഓരോ ടെണ്ടർമാത്രം കിട്ടുകയാൽ കുറഞ്ഞ ടെണ്ടർറേററുപ്രകാരം എസ്റ്റിമേററ പുതുക്കി. ആയതിനാലാണ് താമസത്തിനു കാരണം.

ശ്രീ. കെ. എ. മാത്യു: എന്നത്തേക്ക് പണി ആരംഭിക്കുമെന്നു പറയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: എസ്റ്റിമേററ തയ്യാറാക്കി ടെണ്ടർ പുതുക്കി കഴിഞ്ഞാൽ മിക്കവാറും ഈ ബഡ്ജററുവർഷത്തിൽതന്നെ പണിതുടങ്ങും.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: ഒരു മൈൽ മുനിസിപ്പൽറോഡ് എന്നു പറയുന്നതു എവിടംമുതൽ എവിടംവരെയാണ്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള. അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: അതിൽ ടാർക്രീററചെയ്യുന്നതിനു എന്തു ചെലവുവരും?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഉദ്ദേശം ൪൦൦൦൦ രൂപ ചെലവുവരും.

അദ്ധ്യാപകനിയമനം

*൨൩൯. (൧൯) ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്ത് എല്ലാ സക്കാർ വിദ്യാലയങ്ങളിലും ആവശ്യത്തിനുള്ള അദ്ധ്യാപകരെ നിയമിച്ചു കഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ എത്ര സ്കൂളുകളിൽ അദ്ധ്യാപകർ തികയാതെയിരിക്കുന്നു;

(സി) ഈ കുറവിനെ പരിഹരിക്കുന്നതിനു എന്തു നടപടികളാണ് ഗവമെന്റു കൈക്കൊണ്ടിട്ടുള്ളതു്?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) സംസ്ഥാനത്തുള്ള എല്ലാ സക്കാർ ഹൈസ്കൂളുകളിലും ഹ്രസ്വകാലാവധി ഒഴിവുകളിലേക്കൊഴിച്ചുള്ള സ്ഥാനങ്ങളിലെല്ലാം അദ്ധ്യാപകന്മാരെ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്.

(ബി) പ്രാഥമികവിദ്യാലയങ്ങളിലും മിഡിൽ സ്കൂളുകളിലും നിയമനം നടത്താത്ത ചില ഒഴിവുകൾ ഉണ്ട്. അവയിൽ മിക്കതും ഹ്രസ്വകാലാവധി കൊടുത്തതുകൊണ്ട് ഉണ്ടായിട്ടുള്ളവയാണ്. മിഡിൽസ്കൂളുകളിലുള്ള ഉയൎന്ന ഗ്രേഡിലേക്ക് പ്രമോഷൻ കൊടുത്തതുമൂലം ഉണ്ടായിട്ടുള്ള വേറെ കുറച്ച് ഒഴിവുകളിലും പ്രൈമറിസ്കൂളുകളിൽ നിയമനം നടത്താതെയുണ്ട്.

(സി) പകരത്തിനു ആളെ നിയമിക്കുവാൻ പബ്ലിക്ക് സൎവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഓരോ പള്ളിക്കൂടങ്ങളിലും ഇപ്പോഴുള്ള അദ്ധ്യാപകന്മാർതന്നെ വലിയ വീഴ്ചകൂടാതെ അദ്ധ്യയനം നടത്തുന്നതും നടത്തിക്കൊണ്ടിരിക്കുന്നതുമാകുന്നു.

ശ്രീ. കെ. എ. മാത്യു: ഏതെങ്കിലും ഹൈസ്കൂളുകളിൽ ഇപ്പോൾ അദ്ധ്യാപകന്മാരെ നിയമിക്കാതെയുണ്ടോ?

ശ്രീ. എൽ. എം. പൈലി: സംസ്ഥാനത്തെ എല്ലാ സക്കാർ ഹൈസ്കൂളുകളിലും ഹ്രസ്വകാലാവധി ഒഴിച്ചുള്ള സ്ഥാനങ്ങളിലെല്ലാം അദ്ധ്യാപകന്മാരെ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: ഹ്രസ്വകാലാവധിയിൽ അദ്ധ്യാപകന്മാരെ നിയമിക്കാതെയിരുന്നാൽ കുട്ടികളുടെ പഠിത്തം എങ്ങിനെ നടക്കുമെന്നാണ് ഗവമെന്റു വിചാരിക്കുന്നതു്?

ശ്രീ. എൽ. എം. പൈലി: കുറച്ചുനാളത്തേക്കു് മാത്രമുള്ള അവധിയാണതു്. By Some adjustment, redistribution of work, etc.

ശ്രീ. കെ. എ. മാത്യു: അത്രയുംനാൾ അദ്ധ്യാപകന്മാർ ഇല്ലാതിരുന്നാൽ അതു വളരെ അതൃപ്തികരമാണെന്നു ഗവമെന്റിനു അറിയാമോ?

Sri. L. M. Pylee: That is only a matter of opinion.

ശ്രീ. പി. നാണു: പബ്ലിക്ക് സൎവ്വീസ് കമ്മീഷൻ റിക്രൂട്ടുചെയ്തിട്ടുള്ള എല്ലാവരേയും അദ്ധ്യാപകന്മാരായി നിയമിക്കുവാൻ ഗവമെന്റു ഡിപ്പാർട്ടുമെന്റിനു അനുവാദം കൊടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അപ്രകാരംചെയ്ത ആളുകളെ ഡിപ്പാർട്ടുമെന്റിൽ ആവശ്യമുള്ളിടത്തോളം നിയമിക്കുന്നുണ്ട്.

ശ്രീ. പി. നാണു : അതിലേക്ക് പ്രത്യേക അനുവാദം തരണമെന്നു ഡിപ്പാർട്ടുമെന്റു ഗവൺമെന്റിലേക്ക് എഴുതിയിട്ടുണ്ടോ ?

ശ്രീ. എൽ. എം. പൈലി : ഡിപ്പാർട്ടുമെന്റിൽനിന്നും ഇത്ര അദ്ധ്യാപകന്മാരെ ആവശ്യമുണ്ടെന്നു തീരുമാനിച്ചതിനു ശേഷമാണ് നിയമിക്കുക.

ശ്രീ. സി. സി. പ്രസാദ് : ഹ്രസ്വകാലാവധിയിൽ അദ്ധ്യാപകന്മാരെ നിയമിക്കാത്തതു വേക്കൻസി ഉണ്ടെന്നു റിപ്പോർട്ടുചെയ്യാത്തതുകൊണ്ടോ അതോ പണമില്ലാഞ്ഞിട്ടോ ?

ശ്രീ. എൽ. എം. പൈലി : രണ്ടു കാരണങ്ങൾകൊണ്ടുമല്ല, ഷാർട്ടുവേക്കൻസി ആയതുകൊണ്ടാണ് നിയമിക്കാത്തതു്.

ശ്രീ. സി. സി. പ്രസാദ് : ഷാർട്ടുവേക്കൻസികൾ ഉണ്ടാകുമ്പോൾ പബ്ലിക്ക് സർവീസ് കമ്മീഷനെ അറിയിക്കാറുണ്ടോ ?

ശ്രീ. എൽ. എം. പൈലി : അറിയിക്കാറില്ല, അതിനുവേണ്ട അറേഞ്ചുമെന്റു ഡയറക്ടർതന്നെ നടത്താം.

ശ്രീ. സി. സി. പ്രസാദ് : ഹ്രസ്വകാലാവധി കഴിയുന്നതുവരെ വിദ്യാർത്ഥികളെ പഠിപ്പിക്കാതിരിക്കുന്നതു ശരിയാണോ ?

Mr. Speaker: That question is disallowed.

സ്റ്റേററുഗസ്റ്റ്

*൨൪൦. (൨൨.) ശ്രീ. വി. കെ. വറുഗീസ് : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൧-ൽ സ്റ്റേററുഗസ്റ്ററുകൾക്കുവേണ്ടി എന്തു തുക ചിലവായി ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ) : ൧൯൫൧ ജനുവരി ൧-ാംനു- മുതൽ ൧൯൫൧ ആഗസ്റ്റ് ൩൧-ാംനു-വരെ ൪൧൧൪ രൂ. ൧൧ണ. ൭പൈ ചിലവായിട്ടുണ്ടു്.

സാഹിബ്ബ് ബഹദൂർ വി. എ. അബ്ദുൽ അസീസ് : ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ സ്വകാര്യവ്യക്തികൾക്കു വാടകയ്ക്കു കൊടുത്തിട്ടുണ്ടോ ?

Mr. Speaker: That question is disallowed. It has been answered over and over again.

Sri. P. Balakrishnan Tampi: May I know who is the State Guest of 1951?

Sri. C. Kesavan: I would invite the hon. Member's attention to the question. The reference is to State Guests and not to any particular Guest. സ്റ്റേററ്ഗസ്റ്റ്സിനെ ഉദ്ദേശിച്ചുള്ള ചിലവാണ് പറഞ്ഞതു്

DETENUS

***241** [23] Sri. **Neelakantaru Pandarathil:** Will the hon. the Chief Minister be pleased to state.—

(*a*) the total number of detenus now in jail; and

(*b*) whether Government propose to release them immediately in view of the coming general elections?

Chief Minister **(Sri. C. Kesavan):** (*a*) 22.

(*b*) The question is being considered.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : സർ, മദ്രാസിൽ ഡെററിന്യൂ തടവുകാരായിരുന്ന അനന്തൻനമ്പ്യാർ, വെങ്കിട്ടേശ്വരലു എന്നിവരെ വിട്ടയക്കുവാൻ

ഹൈക്കോടതി ഉത്തരവുണ്ടായിട്ടുള്ളതാകയാൽ വീണ്ടും അവരെ തടങ്കലിൽ വയ്ക്കുന്നതു് അന്യായമാണെന്നു് ഗവമ്മെണ്ടിനറിയാമോ?

Mr. Speaker : That is an argument. Question disallowed.

Sri. R. K. Ram : The question is the total number of detenus, now in Jail, but the Chief Minister answered that the question is now under consideration?

Sri. C. Kesavan: I am very sorry, Sir. I said 22.

Mr. Speaker : The question is disallowed,

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇപ്പോഴും തടങ്കലിൽ വച്ചിരിക്കുന്ന ഡെററിന്യൂകൾ എല്ലാം അടുത്ത തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥികളാകുവാൻ ഇടയുള്ളതാണെന്നു് ഗവമ്മെൻറിനറിയാമോ?

Mr. Speaker : The question is disallowed.

Sri. N. Daniel Jose : What facilities and amenities are provided for these detenus?

Sri. C. Kesavan : That is a matter posted for explanation today as an adjournment motion.

Sahib Bahadur A. Abdul Razaak : Will these detenus be allowed free exercise of their franchise rights?

Sri. C. Kesavan : I think there is provision in the election rules.

Sri. D. Gnanasigamoni : May I know whether any charge has been levelled against these detenues?

Sri. C. Kesavan : Yes. After examination those who were found innocent have been released.

Sri. D. Gnanasigamoni : May I know whether it has been referred to the Advisory Board?

Sri. C. Kesavan : Yes

ARREST OF COMMUNIST LEADERS

***242.** [24] **Sri. Neelakantaru Pandarathil :** Will the hon. the Chief Minister be pleased to state the reasons for the arrest of certain members of the Communist Party recently at the Coastal Talkies, Alleppey?

Chief Minister **(Sri. C. Kesavan) :**

Certain leaders of the Communist party held an election convention on 13th August 1951 at the Coastal Talkies, Alleppey, in defiance of the ban still in force on the Communist Party. Hence they were arrested.

ശ്രീ. നീലകണ്ഠരു പണ്ടാരത്തിൽ: അവരവർക്കു ജീവിക്കുവാൻ വേണ്ട കാര്യങ്ങളെപററി ആലോചിക്കുവാൻ എല്ലാം പൌരന്മാക്കും അവകാശമുണ്ടായിരിക്കുന്നതല്ലേ?

Mr. Speaker : Order, order; it is a matter of opinion.

Sri. R. K. Ram : May I know whether this Government also intend to release the political prisoners as the elections are fast approaching?

Sri. C. Kesavan : No.

ശ്രീ. സി. സി. പ്രസാദ്: ഓരോ വ്യക്തിക്കും ഉള്ള പ്രവത്തന സ്വാതന്ത്ര്യം നിരോധിച്ചുകൊണ്ടാണോ ഇവരെ കോർട്ടിൽ നിന്നു ജാമ്യത്തിൽ വിട്ടിരിക്കുന്നതു്?

ശ്രീ. സി. കേശവൻ: ആരെയും വിട്ടിട്ടില്ല.

Sri. K. Gnanasigamoni : Is there any petition pending before the High Court questioning the legality of these detentions?

Sri. C. Kesavan . Yes.

EDUCATIONAL POLICY

*243. [25] **Sri. Neelakantaru Pandarathil**: Will the hon. Minister for Education be pleased to state.—

(*a*) the reasons for making fundamental changes in the educational policy of Government; and

(*b*) whether in view of the changes effected, will Government be pleased to return the schools, institutions, etc., to those who had surrendered them to Government?

Minister for Education and Revenue **(Sri. L. M. Pylee)**:

(*a*) & (*b*) The question is too vague to be given a precise answer. But if the hon. Member means the new secondary education scheme now under consideration, I may state that the scheme is still under consideration.

ERNAKULAM-COCHIN FERRY SERVICE

*244 [26] **Sri.Paul Thaliath**: Will the hon, Minister for Transport be pleased to state.—

(*a*) whether the Government have received any complaints regarding the unsatisfactory working of the Ernakulam-Cochin Ferry service;

(*b*) the number of boats used now for carrying on this service; and

(*c*) the profit earned from this service during the last one year?

Chief Minister **(Sri. C. Kesavan)** (*a*) Yes.

(*b*) Six.

(*c*) Net profit for the last one year, that is, 1950—51, is Rs. 59,769 annas 11 pies 0.

ശ്രീ. പാൾ തളിയത്ത്: ഈ ൬ ബോട്ടുകളും ഗവൺമെൻറിൻെറ വകയാണോ? അല്ലെങ്കിൽ പ്രൈവററ് ഏജൻസിയുടെ ബോട്ടുകൾ ഇതിലുണ്ടോ?

ശ്രീ. സി. കേശവൻ: ൬ ബോട്ടുകളും ഗവൺമെൻറ് വകയായിരിക്കണം.

ശ്രീ. പാൾ തളിയത്ത്: ൬ ബോട്ടുകളും നല്ലനിലയിൽ വർക്ക് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കേശവൻ: കൃഷ്ണാ, ഹിമാലയാ എന്നീ രണ്ടു ബോട്ടുകൾക്ക് സ്വല്പം തകരാറുണ്ടായിരുന്നു. അതും ഇപ്പോൾ നന്നായി ഓടിവരുന്നുണ്ട്.

ശ്രീ. പാൾ തളിയത്ത്: ൬ ബോട്ടുകൾ അവിടെ സർവ്വീസ് നടത്തുന്നുണ്ടെങ്കിലും ഓവർലോഡ് ഇപ്പോഴും ഉണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: ട്രാഫിക്ക് കൂടിവരുന്നതുകൊണ്ടാണ് ഓവർലോഡ് ഉണ്ടാകുന്നത്.

Sri. P. Balakrishnan Tampi: May I ask the hon. Chief Minister whether the free passage formerly allowed to college students in these boats has been withdrawn?

Sri. C Kesavan: No.

ശ്രീ. ഗാസ്പർ ഡിസിൽവാ: യമുനാബോട്ട് മധുരക്കമ്പനിയിൽ കയററി വച്ചിട്ട് എത്രനാളായി?

Sri. C. Kesavan: Probably that is a boat in a very hopeless condition. Therefore, it may not be repaired.

AUDIT OF CO-OPERATIVE INSTITUTIONS

*245. [27] **Sri. Paul Thaliat**: Will the hon. Minister for Co-operative Societies be pleased to state.—

(*a*) whether it is a fact that the Government have appointed a special auditor to audit the accounts of certain co-operative institutions working in the City of Trivandrum;

(*b*) if so the names of the institutions audited so far; and
(*c*) if so whether he has submitted any report?

Minister for Education and Revenue **(Sri. L. M. Pylee)**: (*a*) No.
(*b*) & (*c*) Do not arise in view of the answer to (a).

ശ്രീ. പാറം തളിയത്ത്: ഗവമ്മെൻറിൽനിന്നു ഈ സൊസൈററികൾ ആഡിററ ചെയ്യുന്നതിനു ആരേയും നിയമിച്ചിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. എൽ. എം. പൈലി: അങ്ങനെയാണു പറഞ്ഞതു്.

ശ്രീ. പാറം തളിയത്ത്: ഈ അസംബ്ളിയിൽ ഇതിനുമുമ്പു നിയമിച്ചിട്ടുണ്ടെന്നു പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: ഓർമ്മിക്കുന്നില്ല.

ശ്രീ. പോറം തളിയത്ത്: നിയമിച്ചിട്ടുണ്ടോ എന്നന്വേഷിക്കുമോ?

ശ്രീ. എൽ. എം. പൈലി: അന്വേഷിക്കാം.

NEW INDUSTRIAL COMPANIES

*246. [28] **Sri. Paul Thaliath**: Will the hon. Minister for Industries be pleased to state.—

(*a*) whether the Government have got any proposals or schemes before them to start new industrial companies in the State;
(*b*) the nature of such concerns now under consideration; and
(*c*) if any new concerns have been started in 1951, the names of such concerns?

Minister for Industries and Labour **(Sri. P. K. Krishnankutty Menon)**:
(*a*) Government have published their proposals to start new industries in the State.
(*b* & *c*) 1. Factory for the manufacture of bricks.
2. Tyre Factory.
3. The Travancore Rayons Ltd.
4. The construction of the Monazite Factory has already been started at Alwaye.

ശ്രീ. പാറം തളിയത്ത്: ഈ ഇൻഡസ്ട്രി തുടങ്ങുന്നതിനു് ഗവമ്മെൻറ അനുവാദം കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇപ്പോൾ പറഞ്ഞതെല്ലാം ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. പാറം തളിയത്ത്: ഇതിനു ഗവമ്മെൻറിൻെറ സഹായം ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഉണ്ടു്.

ശ്രീ. പാറം തളിയത്ത്: ഏതു ഇൻഡസ്ട്രിക്കാരാണു് ആവശ്യപ്പെട്ടിട്ടുള്ളതു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: ബ്രിക്സ് ഉണ്ടാക്കുന്ന കമ്പനിയിൽ ൨൫,൦൦൦ രൂപയുടെ ഓഹരി എടുക്കാമെന്നു ഗവമ്മെൻറ തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. പാറം തളിയത്ത്: മററു ആനുകൂല്യങ്ങൾ ഒന്നുംതന്നെ വേറെ കമ്പനികൾക്കു് ചെയ്തിട്ടില്ലെന്നാണോ വിചാരിക്കേണ്ടതു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ആരെങ്കിലും ആവശ്യപ്പെട്ടാൽ അതർഹിക്കുന്ന സഹായം ചെയ്യും.

ശ്രീ. ഗാസ്പർ ഡി. സിൽവാ: ഇവിടെ ഉണ്ടായിരുന്ന ടയർ ഫാക്ടറി മഭി രാശേിയിലേയ്ക്കു പോരയോ?

ശ്രീ പി. കെ. കൃഷ്ണൻകുട്ടി മേനോൻ: അതു് ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

അടിസ്ഥാനവിദ്യാഭ്യാസം

*൨൪൧. (൨൯) ‡ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഗവമ്മെൻറിൽനിന്നും അടിസ്ഥാനവിദ്യാഭ്യാസപരിശീലനകേന്ദ്രം നടത്തുന്നുണ്ടോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി): ചെപ്പു് എന്ന സ്ഥലത്തു് ഗവമ്മെൻറിൽനിന്നും അടിസ്ഥാനവിദ്യാഭ്യാസപരിശീലനകേന്ദ്രം നടത്തുന്നുണ്ടു്.

ഒരു വനിതാമെമ്പർക്കു കോട്ടയം ടി. ബി. യിൽവച്ചുണ്ടായ ജീവാപായശങ്ക

*൨൪൨. (൩൦) ‡ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഈ സഭയിലെ ബഹുമാനപ്പെട്ട ഒരു വനിതാമെമ്പർക്കു ഈ അടുത്ത കാലത്തു കോട്ടയം ടി. ബി. യിൽ വെച്ചു് ജീവാപായശങ്കയുണ്ടായതായി ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അതുസംബന്ധിച്ചു് ഗവമ്മെൻറ് എന്തെല്ലാം നടപടികൾ നടത്തി എന്നും കുററക്കാരെ പിടികിട്ടിയോ എന്നും പറയുവാൻ ദയവുണ്ടാകുമോ?

(സി) കുററക്കാർ ആരെല്ലാമാണെന്നു പറയാമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഉണ്ടു്.

(ബി) ഇതു സംബന്ധിച്ചു് കോട്ടയം പോലീസ് സ്റ്റേഷനിൽനിന്നും ൧൯൫൧ലെ ൧൨൪–ാംനമ്പരായി ഒരു കേസ്സു് രജിസ്റ്റർചെയ്തു വേണ്ട അന്വേഷണം നടത്തിവരികയാണു്. കുററവാളികളായി ആരേയും ഇതേവരെ പിടിച്ചിട്ടില്ല.

(സി) അന്വേഷണത്തിൽ ഇരിക്കുന്ന ഈ കേസ്സിനെ സംബന്ധിച്ചു് കൂടുതൽ സംഗതികൾ വെളിപ്പെടുത്തുന്നതു് പൊതുതാല്പര്യത്തിനു് ഹാനികരമായതിനാൽ ഈ ഭാഗത്തിനു് ഉത്തരം പറയുവാൻ നിവ്വാഹമില്ല.

Sri. N. Daniel Jose: May I know who is this 'Vanitha'? (No answer.)

Sahib Bahadur Abdul Razaak: May I know the date on which this scuffle took place? May I know what exactly happened?

Sri. C. Kesavan: There was an allegation that some one had tried to tamper with the window of the room in which the lady was sleeping.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഏതു സെക്ഷനനുസരിച്ചാണു് കേസെടുത്തതു്?

‡Put by Sri. R. K. Ram, with the permission of the Chair.

ശ്രീ. സി. കേശവൻ: കേസ്സ് ഏതു സെക്ഷൻപ്രകാരമാണെന്നുള്ളതു് ഇതിൽ കാണുന്നില്ല. അന്വേഷിച്ചു പറയാം.

Sri. D. Gnanasigamoni: May I know the date of this incident?

Sri. C. Kesavan: The complaint was received on the 19th May 1951.

ശ്രീ. കെ. എ. മാത്യു: ഈ കംപ്ലെയിന്റ ആ മെംബറിൽനിന്നാണോ കിട്ടിയതു്?

ശ്രീ. സി. കേശവൻ: അതെ.

കാറിൽ കയ്യേററം

*൨൬൯. (൩൧)‡ ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഒരു മുൻമന്ത്രിയായിരുന്ന മി. എൻ. കുഞ്ഞുരാമന്റെ കാറിൽ കയ്യേററം നടത്തിയതു സംബന്ധിച്ചുള്ള നടപടികൾ എങ്ങനെയിരിക്കുന്നു;

(ബി) അതിലെ പ്രതികളെ പിടികിട്ടിയിട്ടുണ്ടോ; പ്രതികൾ ആരാണെന്നറിഞ്ഞിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഈ സംഭവം കോട്ടയം സ്റ്റേഷനിലെ ൧൭൧/൨൬-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതും, വക്കല സ്റ്റേഷനിലെ ൨൬/൭൦-ാംനമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയ കേസ്സിനെ ആസ്പദമാക്കിയുള്ളതാണു്. കോട്ടയം സ്റ്റേഷനിലെ ൧൭൧/൨൬-ാം നമ്പർ കേസ്സ് പിൻവലിക്കുന്നതിന് അനുവാദം നൽകി. എന്നാൽ വക്കല സ്റ്റേഷനിലെ ൨൬/൭൦-ാം നമ്പർ കേസ്സ് ഇപ്പോൾ നടപടിയിൽ ഇരിക്കുകയാണു്.

(ബി) ൧൭൧/൨൬-ാം നമ്പർ കേസ്സിൽ ആകെ അഞ്ചു പ്രതികൾ മാത്രമേയുള്ളു. അവർ കോടതി മുമ്പാകെ ഹാജരായി ജാമ്യം വാങ്ങിയിട്ടുണ്ടായിരുന്നു. എന്നാൽ ൨൬/൭൦-ാംനമ്പർ കേസ്സിൽ ആകെ ൨൦ പ്രതികൾ ഉള്ളതിൽ ൧൭ പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടു്. ബാക്കി ൩ പേർ ഒളിവിലാണു. അവരുടെ പേരും മററു വിവരങ്ങളും അറിയാവുന്നതാണു്.

തിരുവിതാംകൂർ-കൊച്ചി എ. സ്റ്റേററുകളോടൊപ്പം പരിഗണിക്കുന്നതിനു നിവേദനം

*൨൭൦. (൩൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) വിദ്യാഭ്യാസത്തിലും പൗരബോധത്തിലും പരിഷ്കൃതജീവിതത്തിലും വളരെ പുരോഗമിച്ചിട്ടുള്ള തിരുവിതാംകൂർ-കൊച്ചി സ്റ്റേററിനെ എ. സ്റ്റേററുകളോടൊപ്പം പരിഗണിച്ചു പെരുമാറണമെന്നു തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറ് കേന്ദ്രഗവൺമെൻറിന്റെ അടുക്കൽ വല്ല നിവേദനവും നടത്തിയിട്ടുണ്ടോ;

(ബി) തിരുവിതാംകൂർ-കൊച്ചിയെപ്പോലുള്ള സ്റ്റേററുകളെ എ. സ്റ്റേററുകളോടൊപ്പം പരിഗണിച്ചു് പെരുമാറുന്നതാണെന്നു് ബഹുമാനപ്പെട്ട സർദാർ പട്ടേൽ വല്ല ഉറപ്പും നൾകിയിട്ടുണ്ടായിരുന്നോ;

‡*Put by Sri. R. K. Ram, with the permission of the Chair.*

(സി) തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറിൻെറ അഭിവൃദ്ധിക്ക് ഹാനികരങ്ങളും അപമാനകരങ്ങളുമായ പല ആഭ്യന്തര നിയന്ത്രണങ്ങളും ചെലുത്തുന്നതിൽ കേന്ദ്രഗവൺമെൻറ് മടിക്കുന്നില്ലെന്നുള്ളതു് ശരിയാണോ;

(ഡി) അതിനെ തടയുന്നതിനു് ഗവൺമെൻറ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

Chief Minister **(Sri. C. Kesavan)**: I am sorry the answer is not ready.

ഷിഫ്റ്റ് സിസ്റ്റം

*൨൫൧. (൩൩) ശ്രീ. ആർ. അച്ചുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രൈമറി സ്കൂളുകളിലെ ഷിഫ്റ്റ് നിറുത്തൽ ചെയ്യുന്നതിനു് ഗവൺമെൻറ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടുത്ത സ്കൂൾവർഷത്തിൽ നടപ്പിൽ വരുത്തുമോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ യും, ബി യും) ഉണ്ടു്. പ്രൈമറി സ്കൂളുകളിൽ ൫൦ സ്കൂളുകളിൽ വർഷാരംഭം മുതൽ ഷിഫ്റ്റ സിസ്റ്റം നിറുത്തിക്കഴിഞ്ഞിട്ടുണ്ടു്.

കൊല്ലം--എറണാകുളം റയിൽവെ

*൨൫൨. (൩൪) ശ്രീ. ആർ. അച്ചുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കൊല്ലം—എറണാകുളം റയിൽവെ നീട്ടുന്നതിനുള്ള സർവ്വേയുടെ ജോലി പൂർത്തിയായിട്ടുണ്ടോ;

(ബി) പൂർത്തിയായെങ്കിൽ അവ എന്നുമുതൽ വേല ആരംഭിക്കും;

(സി) ആ വകക്കുള്ള ചിലവു് ഏതു ഗവൺമെൻറാണ് നടത്തേണ്ടതു്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേന്ദ്രഗവൺമെൻറ്.

ശ്രീ. കെ. എ. മാത്യു: സർവ്വെ എത്രവരെ ആയി?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർവ്വെ നടക്കുന്നതേയുള്ളു.

ശ്രീ. ഇ. പി. പൗലോസ്: റൂട്ടിനെ സംബന്ധിച്ചു് ഈ ഗവൺമെൻറ് എന്തെങ്കിലും ശുപാർശി കേന്ദ്രഗവൺമെൻറിനു് നൽകിയിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: നോട്ടീസുവേണം.

ശ്രീ. കെ. എ. മാത്യു: സർവ്വെ പൂർത്തിയായിക്കഴിഞ്ഞാൽ ഈ പണി വേഗം നടത്തുന്നതിനു് ഈ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിൻെറ അടുത്തു് നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഉണ്ടു്.

ക്ഷാമബത്ത

*൨൫൩. (൩൫) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ളിക്ക് സർവ്വീസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തുള്ള എൻ. ജി. ഒ. മാർക്ക് ക്ഷാമബത്ത വർദ്ധിപ്പിക്കുവാൻ ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) സെൻട്രൽ ഗവൺമെൻറിനു വിട്ടുകൊടുത്ത അഞ്ചൽ ഡിപ്പാർട്ടുമെൻറുകളിലെ ശിപായിമാർക്ക് ശമ്പളവും അലവൻസും ഉൾപ്പെടെ കിട്ടുന്ന തുക ഈ സംസ്ഥാനത്തെ ക്ലാർക്കന്മാരുടെ ശമ്പളവും അലവൻസും കൂടിയ തുകയേക്കാൾ കൂടുതലാണെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഇല്ല. കഴിഞ്ഞ ജൂലൈ ൧൫-ാംതിയ്യതി പുറപ്പെടുവിച്ച ഉത്തരവു പ്രകാരം ക്ഷാമബത്ത വർദ്ധിപ്പിച്ചു. വീണ്ടും അതു് വർദ്ധിപ്പിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) അറിയാം.

ശ്രീ. സി. സി. പ്രസാദ്: ഈ ശിപായിമാർക്ക് കണ്ടിജൻസി ഫണ്ടിൽ നിന്നല്ലേ ശമ്പളം കൊടുക്കുന്നതു്?

ശ്രീ. കെ. എം. കോര: അല്ല.

ശ്രീ. സി. സി. പ്രസാദ്: ഇവിടെയുള്ള ശിപായിമാരെല്ലാം കണ്ടിജൻസിക്കാരോ പെർമനൻറുകാരോ?

ശ്രീ. കെ. എം. കോര: കണ്ടിജൻസിയും ഉണ്ടു്, പെർമെനൻറും ഉണ്ടു്.

ശ്രീ. ഗാസ്പർ ഡി സിൽവാ: ജീവിതച്ചിലവു് വർദ്ധിച്ചിരിക്കുന്ന ഈ കാലത്തു് കുറഞ്ഞ ശമ്പളക്കാർക്ക് ക്ഷാമബത്ത കൂട്ടിക്കൊടുക്കുവാൻ സാദ്ധ്യമല്ലേ?

ശ്രീ. കെ. എം. കോര; ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ നിവൃത്തിയില്ലാതെയാണു് ഇരിക്കുന്നതു്.

பொய் கேஸ்கள்

*254 (37). ஸ்ரீ. எஸ். அம்பரோஸ்: கீழ் குறிப்பிடும் வினாக்களுக்கு கனம் தலைமை மந்திரி அவர்கள் விடை பகர்வார்களாக:

(ஏ) அகஸ்தீஸ்வரம் தாலுகா இடலாக்குடி போலீஸ் சப்-இன்ஸ்பெக்டர் பச்சபாதமாக நடந்து பொய் கேஸ்களை சிருஷ்டித்தார் என்று கன்னியாகுமாரியைச் சார்ந்த ஜான் செல்வசந்திரா என்றவர் இன்ஸ்பெக்டர் ஜெனரல் (I. G. of Police) அவர்களுக்கு ஒரு மனு கொடுத்ததுண்டா;

(பி) அப்படியானால் அந்த மனு சம்பந்தமாக என்ன நடவடிக்கை எடுக்கப்பட்டிருக்கிறது;

